മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യൂ.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/2023 തീയതി.24.05.2023

സർക്കുലർ

പ്രിയപ്പെട്ട റിസോഴ്സ് പേഴ്സൺ,

വിഷയം: സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ വേതനം നിശ്ചയിക്കുന്നത്-സംബന്ധിച്ച്

സൂചന: 28.12.2022-ാംതീയതി ചേർന്ന 14-ാമത് ഗവേർണിംഗ് ബോഡി യോഗ തീരുമാനം

സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ വേതനം നിശ്ചയിക്കുന്നതിന് നിലവിൽ ഒരു സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ പൂർത്തിയാക്കുന്നതിന് എത്ര ദിവസങ്ങൾ എന്ന പൊതുവായുള്ള മാർഗ്ഗനിർദ്ദേശം മാത്രമാണ് സ്വീകരിച്ചുവരുന്നത്. എന്നാൽ ഇത്തരമൊരു മാനദണ്ഡം ശാസ്ത്രീയമല്ല എന്നും ഓരോ വാർഡിലേയും വർക്കുകളുടെയും ചെലവഴിച്ച ഫണ്ടിന്റെയും കൂടി അടിസ്ഥാനപ്പെടുത്തിയായിരിക്കണം എന്ന് റിസോഴ്സ് പേഴ്സൺമാർ അഭിപ്രായപ്പെടുകയുണ്ടായി. അതോടൊപ്പം തന്നെ ഭൂമിശാസ്ത്രപരമായി ക്ലേശകരമായ ഘടകങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് അത്തരം പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ് എന്ന നിർദ്ദേശവും ഉയർന്നുവരികയുണ്ടായിട്ടുണ്ട്.

ഇക്കാര്യം സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഗവേർണിംഗ് ബോഡി യോഗം പരിശോധിക്കുകയും വില്ലേജ് റിസോഴ്സ്പേഴ്സൺമാരുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനത്തിന് വിനിയോഗിക്കേണ്ടിവരുന്ന മനുഷ്യദിനങ്ങൾ കണക്കാക്കുന്നതിന്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ചെലവഴിക്കുന്ന പണത്തെ അടിസ്ഥാനമാക്കി ഓരോ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയ്ക്കും ആവശ്യമായ പ്രവൃത്തി ദിനങ്ങൾ അനുവദിക്കേണ്ടതാണെന്ന് തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ, താഴെപ്പറയും പ്രകാരം 2023 മെയ്മാസം മുതൽ നടപ്പാക്കുന്ന സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാ പ്രവർത്തനങ്ങൾക്ക് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ വേതനം കണക്കാക്കി അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ക്രമനമ്പർ	ചെലവഴിച്ച തുക	അനുവദിക്കുന്ന പ്രവൃത്തി ദിനങ്ങൾ
1	6 ലക്ഷം വരെ	5
2	6-10 ലക്ഷം വരെ	6
3	10-15 ലക്ഷം വരെ	7
4	15-20 ലക്ഷം വരെ	8
5	20-25 ലക്ഷം വരെ	9
6	25 ലക്ഷത്തിന് മുകളിൽ	10

അതോടൊപ്പം തന്നെ ഭൂമിശാസ്ത്രപരമായി ക്ലേശകരമായ സാഹചര്യങ്ങൾ നിലനിൽക്കുന്നതും ഗതാഗത സൗകര്യങ്ങൾ അപര്യാപ്തമായതും ഫീൽഡിൽ എത്തുന്നതിന് ദുഷ്കരവുമായ പശ്ചിമഘട്ട പ്രദേശങ്ങളിലെ പഞ്ചായത്തുകൾ ഏതെല്ലാം എന്ന് കണക്കാക്കി അത്തരം പഞ്ചായത്തുകളിലെ വാർഡുകൾ ഏതെല്ലാം എന്ന് നിശ്ചയിക്കുന്നതും ഇത്തരം പ്രദേശങ്ങളിലെ പഞ്ചായത്തുകൾക്ക്/ വാർഡുകൾക്ക് പ്രത്യേക പരിഗണന നൽകുന്നതു സംബന്ധിച്ച് അടുത്ത ഗവേർണിംഗ് ബോഡി യോഗത്തിൽ തീരുമാനം എടുക്കുന്നതാണ്.

സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാർ ഓരോ വാർഡിലും നടപ്പാക്കിയ മുഴുവൻ പ്രവൃത്തികളുടെയും അളവുകൾ എസ്റ്റിമേറ്റുമായി ഒത്തുനോക്കുകയും വസ്തുനിഷ്ഠമായി ഇക്കാര്യം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. അതോടൊപ്പം മുഴുവൻ തൊഴിലാളികളേയും പദ്ധതിയുടെ ഗുണഭോക്തക്കളായ ജനങ്ങളെയും നേരിൽ കണ്ട് വിവരങ്ങൾ ശേഖരിക്കുകയും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിൽ പങ്കാളിത്തം ഉറപ്പാക്കേണ്ടതുമാണ്. സജീവമായ തൊഴിലാളികളുടെ മുഴുവൻ തൊഴിൽ കാർഡും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയും ലഭിച്ച വേതനത്തിന്റെ വിശദാംശങ്ങൾ തൊഴിൽ കാർഡിൽ രേഖപ്പെടുത്തിട്ടുണ്ടോ എന്നും സോഷ്യൽ ഓഡിറ്റ് **ഫോർമാറ്റ്-3**മായി ബന്ധപ്പെടുത്തിയിട്ടുണ്ട് എന്ന കാര്യവും പ്രത്യേക വിലയിരുത്തലിന് വിധേയമാക്കേണ്ടതാണ്. ഇക്കാര്യം ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ നേരിട്ട് ഉറപ്പാക്കുകയും അതിന്റെ കൂടി അടിസ്ഥാനത്തിലായിരിക്കണം ഗ്രാമസഭാ റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടത്. ഇത്തരം വിലയിരുത്തലും ഗുണമേന്മയും ഉറപ്പാക്കിയതിനു ശേഷമായിരിക്കണം വേതനത്തിനായുള്ള ശുപാർശ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരും ജില്ലാ റിസോഴ്സ് പേഴ്സൺമാരും സോഷ്യൽ ഓഡിറ്റ് യൂണിറ്റിലേക്ക് അയയ്ക്കേണ്ടത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഡോ.എൻ. രമാകാന്തൻ
ഡയറക്ടർ